## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 641 09/02/2016-ൽ മറുപടിക്ക്

## ആദിവാസി മേഖലകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ :<br>ഡോ.എൻ. ജയരാജ് :<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ആദിവാസി മേഖലകൾ വിജ്ഞാപനം (പെസ) ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ; | എ) | ആദിവാസി ഗ്രാമസഭാ നിയമം (പെസ-ആക്ട്) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ ഇടുക്കി, കണ്ണൂർ, പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ 2445 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് പെസ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി) | ഇതുമായി ബന്ധപ്പെട്ട് മാർഗ്ഗ രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഇതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരാണ് തയ്യാറാക്കിത്തരുന്നത്. ആയതിനാൽ പെസ നിയമം വിജ്ഞാപനം ചെയ്യുമ്പോൾ അതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗരേഖകൾ കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്നതാണ്. |
| സി) | ഇതിലൂടെ ആദിവാസി സമൂഹത്തിനു എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | സി) | ടി നിയമം പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനവും, ശാക്തീകരണവും ഉറപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ